**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1576** **19-09-2025 - ൽ മറുപടിയ്ക്ക്**

**ഭൂപതിവ് ചട്ടം ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ഭൂപതിവു ചട്ടത്തിൽ ഭേദഗതി കൊണ്ടുവരാൻ മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ പ്രയോജനം എത്ര പട്ടയഭൂമി ഉടമകൾക്കാണ ലഭിക്കുക; ഏതെല്ലാം ജില്ലകളിലാണ് ഭൂപതിവു ചട്ടപ്രകാരം ഭൂമി അനുവദിച്ചിട്ടുള്ളത്; എത്ര പട്ടയങ്ങളാണ് ഇതു വരെ അനുവദിച്ചിട്ടുള്ളത് എന്നിവ വ്യക്തമാക്കാമോ; | (എ) | തീരുമാനമെടുത്തിട്ടുണ്ട്. 1960 ലെ കേരളാ ഭൂമി പതിവു നിയമത്തിൽ ഭേദഗതി കൊണ്ടു വരുകയും [Act 10 of 2024] 4 A(1), 4 A (2) എന്നിങ്ങനെ രണ്ടു ഉപവകുപ്പുകൾ കൂട്ടിച്ചേർക്കുകയുണ്ടായി. നിയമത്തിന്റെ പ്രാബല്യത്തീയ്യതിയായ 7.6.2024 നു മുമ്പായി പട്ടയഭൂമിയിൽ നടത്തിയിട്ടുള്ള നിർദ്ദിഷ്ട ആവശ്യങ്ങൾക്ക് വിഭിന്നമായുള്ള വ്യവസ്ഥാ ലംഘനങ്ങൾ വ്യവസ്ഥകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിനു സർക്കാരിനെ അധികാരപ്പെടുത്തുന്ന വ്യവസ്ഥയാണ് പ്രസ്തുത വകുപ്പ് 4 A (1) ൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>നിയമഭേദഗതിയുടെ പ്രാബല്യത്തീയ്യതിക്കു മുമ്പായി അനുവദിക്കപ്പെട്ട പട്ടയ ഭൂമികളിൽ അനുവദിക്കപ്പെട്ട ആവശ്യത്തിന് വിഭിന്നമായ മറ്റാവശ്യങ്ങൾക്കായി ഭാവിയിൽ പട്ടയഭൂമികളുടെ ഉടമകൾക്ക് അപേക്ഷ നൽകിക്കൊണ്ട് ഉപയോഗമാറ്റത്തിനുള്ള അനുമതി സർക്കാരിൽ നിന്നും നേടുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ് 4 A(2) എന്ന ഉപവകുപ്പ് ഭേദഗതി. 1964 ലെ കേരളാ ഭൂപതിവ് ചട്ടങ്ങൾ, 1993 ലെ വനഭൂമി കുടിയേറ്റം ക്രമീകരിക്കുന്നതിനുള്ള പ്രത്യേക പതിവ് ചട്ടങ്ങൾ, വയനാട് കോളനൈസേഷൻ ചട്ടങ്ങൾ, ഹൈറേഞ്ച് കോളനൈസേഷൻ ചട്ടങ്ങൾ എന്നിങ്ങനെ വിവിധങ്ങളായ ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പട്ടയം അനുവദിച്ചിട്ടുള്ളതാണ്. ഇവയിലെല്ലാം തന്നെ, കാർഷിക, ഗാർഹികാവശ്യങ്ങൾക്കായാണ് പ്രധാനമായും പട്ടയം അനുവദിച്ചിട്ടുള്ളത്.<br><br>കേരളത്തിലെ 14 ജില്ലകളിലും ഇത്തരം ചട്ടപ്രകാരം പട്ടയം അനുവദിച്ചിട്ടുണ്ടെങ്കിലും പുതുതായി വരുന്ന ക്രമവൽക്കരിക്കപ്പെട്ട ചട്ട പ്രകാരം ഇടുക്കി, |

| | | | |
|---|---|---|---|
| | | | പത്തനംതിട്ട, വയനാട് ജില്ലകളിലെ ജനങ്ങൾക്ക കൂടുതൽ ഗുണകരമാകും.<br><br>1960 ലെ ഭൂമി പതിവു നിയമത്തിനു കീഴിലുള്ള ഇരുപതിലധികം പതിവ് ചട്ടങ്ങൾ പ്രകാരവും കേരളാ ഭൂപരിഷ്കരണ നിയമം ഉൾപ്പെടെയുള്ള മറ്റു നിയമങ്ങൾ പ്രകാരവും സംസ്ഥാനത്ത് കഴിഞ്ഞ 9 വർഷക്കാലം കൊണ്ട് 4,00,956 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഭൂപതിവു ചട്ടങ്ങൾ പ്രകാരം അനുവദിച്ച പട്ടയങ്ങളുടെ കണക്കുകൾ സംബന്ധിച്ച ഡാഷ്ബോർഡ് റവന്യൂ വകുപ്പ് സൂക്ഷിക്കുന്നുണ്ടോ; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഭൂമി പതിവു ചട്ടങ്ങൾ പ്രകാരം അനുവദിച്ച പട്ടയങ്ങളുടെ കണക്ക് സംബന്ധിച്ച ഡാഷ്ബോർഡ് റവന്യൂ വകുപ്പ് സൂക്ഷിച്ചിട്ടില്ല. ജില്ലകളിലെ പരിഹരിക്കപ്പെടാത്ത പട്ടയ പ്രശ്നങ്ങൾ സംബന്ധിച്ച ഡാഷ്ബോർഡ് റവന്യൂ വകുപ്പിന്റെ LRD പോർട്ടലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഭൂപതിവു ചട്ടങ്ങൾ പ്രകാരം ഇതു വരെ നൽകിയ മുഴുവൻ പട്ടയങ്ങളുടെയും രേഖകൾ ഡിജിറ്റലായോ കടലാസു രേഖകളായോ റവന്യൂ വകുപ്പ് സൂക്ഷിക്കുന്നുണ്ടോ; എവിടെയാണ് രേഖകൾ സൂക്ഷിക്കുന്നത്; ഇതിന്റെ കണക്കെടുപ്പ് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഏതെങ്കിലും രേഖകൾ നഷ്ടപ്പെട്ടതായി ഏതെങ്കിലും ഓഫീസുകളിൽ നിന്നു റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | പതിവധികാരിയുടെ കാര്യാലയത്തിലാണ് അനുവദിച്ചിട്ടുള്ള പട്ടയത്തിന്റെ പകർപ്പ് ഫിസിക്കലായി സൂക്ഷിച്ചുവരുന്നത്. ബഹു. കേരളാ ഹൈക്കോടതിയുടെ 29.07.2020 ലെ WP(C) 17983/2019, 29865/19 & 32098/19 നമ്പർ കേസുകളിലെ പൊതു വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പട്ടയം സംബന്ധിച്ച database തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ നിന്നും നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ജില്ലാ തലത്തിൽ പട്ടയത്തിന്റെ വിവരങ്ങൾ LRD പോർട്ടലിൽ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പട്ടയ ഫയലുകളും പട്ടയരേഖകളും നഷ്ടപ്പെട്ടകേസുകളിൽ, ആധികാരികത ഉറപ്പു വരുത്തി നിജസ്ഥിതി സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് സ.ഉ (കൈ) നം. 142/2025/റവ തീയതി 26.05.2025-ാം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരുന്നതുമാണ്. |
| (ഡി) | ഭൂപതിവു ചട്ടത്തിലെ ഭേദഗതി നിലവിൽ വരുമ്പോൾ 2005ലെ ദുരന്തനിവാരണ നിയമപ്രകാരം നിശ്ചയിച്ച ഹൈ റിസ്ക് സോണുകളെ എങ്ങനെയാണ് ബാധിക്കുക; ഇവിടെ ചട്ടഭേദഗതിയുടെ പ്രയോജനം ലഭിക്കില്ലെന്ന വാദം ശരിയാണോ; വിശദാംശം നൽകാമോ? | (ഡി) | മറ്റു നിയമങ്ങൾ പ്രകാരം നിയന്ത്രണങ്ങളോ നിരോധനങ്ങളോ ഉള്ള പ്രവർത്തനങ്ങൾക്കായി പട്ടയഭൂമി ഉപയോഗപ്പെടുത്തിയിട്ടുള്ള പക്ഷം അത്തരം വ്യവസ്ഥാ ലംഘനങ്ങൾ ക്രമവൽക്കരിക്കപ്പെടുന്നതല്ല എന്ന വ്യവസ്ഥ ഉൾപ്പെടുത്തിയാണ് കരട് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ